8. പി. ഡി. പട്ടാഴി ദേവസ്വം (ശ്രീകോവിൽ ചെമ്പ് തകിട് പൊതിയുന്നതിന്) - 51,76,519

9. അട്ടൂർ ദേവസ്വം (ശ്രീകോവിൽ ചെമ്പ് തകിട് പൊതിയുന്നതിന്) - 14,40,822

ടി ജോലികളെല്ലാം തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ അപേക്ഷ ലഭിച്ചതിന്മേലുള്ള ഉത്തരവിൻപ്രകാരമാണ് പണികൾ നടത്തിയിട്ടുള്ളതെന്ന് തിരുവിതാംകൂർ ദേവസ്വം ബോർഡ് എഞ്ചിനിയറിംഗ് വിംഗ് അറിയിച്ചിട്ടുണ്ട്.

ക്ഷേത്രക്കുളങ്ങളുടെ സംരക്ഷണം

130 (3564) ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ ക്ഷേത്രക്കുളങ്ങളുടെ സംരക്ഷണത്തിന് പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ;

(ബി) ക്ഷേത്രക്കുളങ്ങളുടെ സംരക്ഷണം സംബന്ധിച്ച് ജലസേചന വകുപ്പുമായി ഏകോപനം നടത്തുന്ന കാര്യം പരിശോധിക്കുമോ ; ?

ഉത്തരം

(എ&ബി) ഉണ്ട്. ക്ഷേത്രങ്ങളോട് ചേർന്നുള്ള കാവ്, കുളം, ആൽത്തറ എന്നിവ സംരക്ഷിക്കുന്നതിന് ഒരു പ്രത്യേക പദ്ധതി ആവിഷ്കരിക്കുകയും ഇതിനായി 2014-15 സാമ്പത്തിക വർഷത്തിൽ 10 കോടി രൂപ വിവിധ ദേവസ്വങ്ങൾക്കായി അനുവദിക്കുകയുമാണുചെയ്തിട്ടുള്ളത്. ഇക്കാര്യത്തിൽ ജലസേചന വകുപ്പുമായി ഏകോപനം നടത്തുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല.

സി. സി. രവിയുടെ സസ്പെൻഷൻ

131 (3565) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ അധീനതയിലുള്ള കൊട്ടാരക്കര ഗ്രൂപ്പിൽ പോരേടം സബ് ഗ്രൂപ്പിൽപ്പെട്ട ചുള്ളണ്ണി ദേവസ്വത്തിൽ കഴകം തസ്തികയിൽ ജോലി നോക്കിയിരുന്ന സി. സി. രവിയെ സർവ്വീസിൽ നിന്ന് സസ്പെൻഡ് ചെയ്യാനിടയായ സാഹചര്യം വിശദമാക്കുമോ ;

(ബി) ടിയാനെ പ്രസ്തുത സംഭവത്തിൽ സസ്പെൻഡ് ചെയ്തത് എന്നാണെന്നും അതിനുശേഷം സർവ്വീസിൽ തിരിച്ചെടുത്തത് എന്നാണെന്നും അറിയിക്കുമോ ;

(സി) ടിയാന്റെ സേവന കാലയളവിനുള്ളിൽ എത്ര തവണ ശിക്ഷ, അച്ചടക്ക നടപടികൾക്ക് വിധേയനായിട്ടുണ്ടെന്നും അതിന്റെ വിശദാംശങ്ങളും വെളിപ്പെടുത്തുമോ ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) കൊട്ടാരക്കര ഗ്രൂപ്പിൽപ്പെട്ട ചുള്ളുണ്ണി ദേവസ്വം കഴകമായി ജോലി നോക്കിയിരുന്ന ശ്രീ. സി. സി. രവി., ടി ദേവസ്വത്തിൽ കാണിക്കയായി സമർപ്പിച്ച ഒരു പവൻ തൂക്കം വരുന്ന ഒരു സ്വർണ്ണ നെക്ലസ് അപഹരിച്ച് ബാങ്കിൽ പണയം വച്ച് വ്യക്തിപരമായ ആവശ്യങ്ങൾക്ക് ഉപയോഗിച്ചതായി വെളിവായതിന്റെ അടിസ്ഥാന ത്തിലാണ് സസ്പെന്റ് ചെയ്തത് എന്ന് ദേവസ്വം ബോർഡ് അറിയിച്ചിട്ടുണ്ട്.

(ബി) ശ്രീ. സി. സി. രവിയെ 1-6-2012-ൽ സസ്പെന്റ് ചെയ്യുകയും 1-2-2013-ൽ തിരികെ പ്രവേശിപ്പിക്കുകയും ചെയ്തിട്ടുള്ളതാണ്.

(സി) ശ്രീ. സി. സി. രവി, ടിയാന്റെ സേവനകാലയളവിൽ രണ്ടുതവണ സസ്പെൻഷൻ നേരിട്ടിട്ടുണ്ട്.

1. അനധികൃതമായി ജോലിക്ക് ഹാജരാകാതിരുന്നതിന് 14-8-1988 മുതൽ 31-10-1989 വരെയുള്ള കാലയളവിൽ.
2. കൊട്ടാരക്കര ഗ്രൂപ്പിലെ ചുള്ളുണ്ണി ദേവസ്വത്തിലിരിക്കവെ കാണിക്കയായി ലഭിച്ചിരുന്ന ഒരു പവൻ തൂക്കംവരുന്ന സ്വർണ്ണ നെക്ലസ് അപഹരണം നടത്തിയതിന് 1-6-2012 മുതൽ 1-2-2013 വരെ സസ്പെൻഷനിൽ ആയിരുന്നു. ഇതിന്മേൽ അച്ചടക്ക നടപടി നടന്നുവരുന്നു.

കൊല്ലമ്പുഴ കോയിക്കൽ കൊട്ടാരത്തിലെ ക്ഷേത്രകലാപീഠം

132 (3566) ശ്രീ. ബി. സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ക്ഷേത്ര വാദ്യകലകൾ പഠിപ്പിച്ചിരുന്ന കൊല്ലമ്പുഴ കോയിക്കൽ കൊട്ടാരത്തിലെ ക്ഷേത്രകലാപീഠം നിർത്തലാക്കുവാനുള്ള തീരുമാനം പിൻവലിച്ചിട്ടുണ്ടോ ;

(ബി) ക്ഷേത്ര കലാപീഠം നിർത്തലാക്കാൻ തീരുമാനമെടുത്ത സാഹചര്യം വിശദമാക്കാമോ ?